**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3807** **27-06-2024 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയം നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി ഗ്രാമ പഞ്ചായത്തിലെ പഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്ന പ്രവൃത്തിയുടെ രൂപരേഖ തയ്യാറാക്കുന്നതിനായി 05.09.2023, 10.11.2023 എന്നീ തീയതികളിലായി ബാലുശ്ശേരി എം.എൽ.എ യുടെ നിർദ്ദേശപ്രകാരം പഞ്ചായത്ത് സ്റ്റേഡിയം സന്ദർശിക്കുകയും രൂപരേഖ തയ്യാറാക്കുകയും ചെയ്തിരുന്നു. ഇതിനെ തുടർന്ന് കോഴിക്കോട് ജില്ലാ കളക്ടറിൽ നിന്നും 18.11.2023 ലെ നം. LSGD/JD/KKD/5650/2023-F2-2 കത്ത് പ്രകാരം 99 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത സ്റ്റേഡിയത്തിന്റെ പടിഞ്ഞാറു ഭാഗത്തായി സ്ഥിതി ചെയ്യുന്ന വീടുകളിലേക്കുള്ള വഴി പ്രസ്തുത സ്റ്റേഡിയത്തിലൂടെ ആയതിനാൽ പടിഞ്ഞാറ് വശത്തെ ഗ്രൗണ്ടിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനായി 06.05.2024, 17.05.2024, 28.05.2024 എന്നീ തീയതികളിൽ എം.എൽ.എ യുടെ പ്രതിനിധിയുടെ അദ്ധ്യക്ഷതയിൽ യോഗങ്ങൾ ചേർന്ന് ചർച്ച ചെയ്തിരുന്നു. പ്രസ്തുത ചർച്ചകൾക്കൊടുവിലാണ് ഗ്രൗണ്ട് നവീകരണത്തിന്റെ പ്ലാൻ പൂർത്തിയാക്കിയിട്ടുള്ളത്. ഗ്രൗണ്ടിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വെ പൂർത്തിയാക്കി. പ്രസ്തുത പദ്ധതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഉടൻതന്നെ ഭരണാനുമതിയ്ക്കായി ജില്ലാ കളക്ടറിന് സമർപ്പിക്കുന്നതാണ്. |
| (ബി) | ഓപ്പൺ സ്റ്റേഡിയം നവീകരിക്കുന്നതിനായി എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ? | (ബി) | സ്റ്റേഡിയം നവീകരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ മഡ് കോർട്ട്, ഫെൻസിംഗ് വർക്ക്, സ്റ്റെപ്പ് ഗ്യാലറി, ഡ്രെയിൻ, ടോയ്‌ലറ്റ്, ചെയിഞ്ച് റൂം, ലോംങ് ജെമ്പ് പിറ്റ് തുടങ്ങിയ ഘടകങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. കോഴിക്കോട് ജില്ലാ കളക്ടറിൽ നിന്നും ടി പ്രവൃത്തിയുടെ ഭരണാനുമതി |

| | | | |
|---|---|---|---|
| | | | ലഭ്യമായാൽ ഉടൻതന്നെ ദർഘാസ് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ